# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവിലുംപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/111/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവിലുംപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/111/2023 തീയ്യതി: 14/02/2023

## കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2021 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 18-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോർജ്ജ്.പി.ജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സജീവൻ.ഇ.ജി | സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീ. ജെ.ഡി.ബാബു | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രകാശൻ.പി.എം | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഹജിപ്രസാദ്.ബി | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.എസ്.കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സുരേഷ് ബാബു.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. മുഹമ്മദ് തസ്ലീം.കെ.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. ജയകുമാർ വി.പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. രാഗേഷ് ചന്ദ്ര.കെ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഫിലോമിന എൻ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ് കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ.കെ.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ജ്യോതി.സി.ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 05-08-2021 |
| ശ്രീ. ശിരൺ.കെ.പി | കൃഷി ഓഫീസർ | 06-08-2021 | 23-10-2021 |
| ശ്രീമതി. അർച്ചന.കെ.പി | കൃഷി ഓഫീസർ | 23-10-2021 | 31-03-2022 |
| ശ്രീ. ശശി.സി.കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 26-10-2021 |

| | | | |
|---|---|---|---|
| ശ്രീ. സതീശൻ.സി | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല | 1-10 |
| 13 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-11 |
| 14 | റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം | 1-12 |
| 15 | സ്ഥാപനത്തിന്റെ ലികിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ | 1-13 |
| 16 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും എൽ. സി. ഡി പ്രൊജക്റ്ററും വാങ്ങൽ - കമ്പ്യൂട്ടറുകൾ നാളിതു വരെ ലഭിച്ചില്ല. | 1-14 |
| 17 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-15 |
| 18 | പൂക്കാട് തോട് - ഉണ്ണ്യത്താംകണ്ടിമുക്ക് റോഡ് പ്രവർത്തിയിലെ അപാകതകൾ | 1-16 |
| 19 | റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു | 1-17 |
| 20 | കരാർ വെക്കാതെ കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തു. - തെരുവു വിളക്കിന് ലൈൻ സ്ഥാപിക്കൽ - പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-18 |
| 21 | കെൽട്രോണിൽ തുക അടച്ചു - കമ്പ്യൂട്ടറും യു.പി.എസും കൃഷി ഓഫീസിൽ ലഭ്യമായില്ല | 1-19 |

| | | |
|---|---|---|
| 22 | ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചില്ല | 1-20 |
| 23 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-21 |
| 24 | ഉത്തരവാദപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ പുഴയിൽ നിന്ന് മണലും ചെളിയും നീക്കം ചെയ്തു. | 1-22 |
| 25 | അസിസ്റ്റന്റ് സെക്രട്ടറി - പദ്ധതി നിർവഹണം - രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-23 |
| 26 | എസ്.എസ്.കെ പദ്ധതി വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും | 1-24 |
| 27 | ഗവ.സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ | 1-25 |
| 28 | തുല്യതാ പരീക്ഷയ്ക്ക് ഫീസ് അടച്ചെങ്കിലും കോഴ്സ് നടന്നില്ല | 1-26 |
| 29 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല | 1-27 |
| 30 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-28 |
| 31 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,14,90,614 |
| വരവ് | 25,64,30,000 |
| ആകെ | 26,79,20,614 |
| ചെലവ് | 25,68,27,590 |
| നീക്കിയിരിപ്പ് | 1,10,93,024 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 19.08.2022<br>(ILGMS) |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ പിരിച്ചെടുക്കാൻ തുക ബാക്കിയില്ല. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക RP-45 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 3,058 രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

2. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി നോൺ-റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 1,04,335 രൂപയാണ് പിരിച്ചെടുക്കാനുള്ളത്. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക RP-45 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി നോൺ-റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 60,567 രൂപ കളക്ഷനും ബി-15 ഷെഡ്യൂൾ പ്രകാരം 69,468 രൂപ കുടിശ്ശികയും രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 43,768 (104335-60567) രൂപയാണ് കുടിശ്ശിക കാണിക്കേണ്ടത്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

3. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 14,96,605 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 14,04,960 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 6,55,719/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷിക കണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ( TSB JointVenture) 4,85,974/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

5. വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴവൻ

നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, കുറ്റ്യാടി, ഇ-പെയ്മെന്റ് അക്കൗണ്ട് നം. 67391979932) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 16.02.2022 | 7829 |
| 20.02.2022 | 318 |
| 21.02.2022 | 1922 |
| 23.02.2022 | 6610 |
| 28.02.2022 | 1458 |
| 03.03.2022 | 1198 |
| 08.03.2022 | 1961 |
| 11.03.2022 | 5224 |
| 13.03.2022 | 328 |
| 14.03.2022 | 866 |

6. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലെ നീക്കിയിരിപ്പ് 14,04,960 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ 2021-22 സംക്ഷിപ്തം പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലെ നീക്കിയിരിപ്പ് 14,11,243 രൂപയാണ്.

7. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 25,617/- രൂപയുടെ സ്റ്റോർസ് 2021-22 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 1,18,724 /- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ബാങ്ക് അക്കൗണ്ടും രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

9. വാടക രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ 1,261/- രൂപ Rent Recievables From Buildings (Arrears) ഇനത്തിൽ കളക്ഷനുണ്ട്. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.

10.ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക B4 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് തുക 3120074 രൂപയും എ.സി.ആർ പ്രകാരം 4639631 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,69,81,109 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,11,87,282 |
| ആകെ | 11,81,68,391 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,79,95,063 |
| നീക്കിയിരിപ്പ് | 2,01,73,328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 2,16,34,945 | 2,16,34,945 | 2,01,95,550 | 14,39,395 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 8,16,334 | 8,16,334 | 8,16,334 | - |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 8,00,914 | 8,00,914 | 7,50,000 | 50,914 |
| മെയിന്റനൻസ്, റോഡ് | 0 | 1,70,93,230 | 1,70,93,230 | 1,37,68,752 | 3324,478 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 96,74,687 | 96,74,687 | 59,32,383 | 37,42,304 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 13,48,816 | 13,48,816 | 10,35,582 | 3,13,234 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്( PFMSമുഖേന) | 0 | 46,20,000 | 46,20,000 | 41,44,942 | 4,75,058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 36,53,611 | 36,53,611 | 23,53,369 | 13,00,242 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 69,29,000 | 69,29,000 | 43,77,903 | 25,51,097 |
| ഐ.സി.ഡി.എസ് | 11,91,228 | 15,23,481 | 27,14,709 | 18,81,376 | 8,33,333 |
| എം.പി.ഫണ്ട് | 5,712 | 156 | 5,868 | - | 5,868 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 12,43,99,781 | 2,48,13,696 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 58,13,560 | 8,31,000 |
| വികസനഫണ്ട് (ടി.എസ്.പി) | 16,52,928 | 8,51,828 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 1,30,35,716 | 97,56,353 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 16,03,82,923 | 143 | 7,02,28,251 | - | 30 | 82.65 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 117913 | 1890759 | 2008672 | 1872222 | 136450 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 101093830 | 101093830 | 101093830 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 93,01,600 | 576 |
| വിധവാപെൻഷൻ | 1,59,63,000 | 1027 |
| വാർദ്ധക്യകാലപെൻഷൻ | 2,52,39,300 | 1946 |
| വികലാംഗപെൻഷൻ | 46,02,700 | 296 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,20,000 | 20 |
| വിവാഹ ധനസഹായം | 30,000 | 1 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,322/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം

നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ ( 31.03.2022 ) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 2109 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള വാണിജ്യ/ വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം കെട്ടിടങ്ങളുടെ എണ്ണം | 171 |
| നികുതി എഴുതിത്തള്ളിയ കെട്ടിടങ്ങളുടെ എണ്ണം | 4 |
| 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 543 ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 705 |
| 2021-22 ൽ ലൈസൻസ് എടുക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | 1229 |

ഈ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ ഈ കെട്ടിടങ്ങളിൽ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-11 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സഞ്ചയ പ്രകാരമുള്ള വേക്കൻസി റെമിഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാണിജ്യ ആവശ്യത്തിനായി നിർമ്മിച്ച് 2015 മുതൽ വിവിധ വർഷങ്ങളിൽ ഘട്ടം ഘട്ടമായി പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നമ്പറുകൾ നൽകിയതും 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ വാണിജ്യ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിനെ ഒരൊറ്റ യൂണിറ്റായി പരിഗണിക്കാതെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള മുറികളായി വിഭജിക്കുകയും ഇവയ്ക്ക് കുറഞ്ഞ നികുതി നിരക്ക് (100 ചതുരശ്ര മീറ്ററിൽ കുറഞ്ഞ കെട്ടിടത്തിന്റെ നികുതി നിരക്ക്) നിശ്ചയിച്ചതായി കണ്ടു. ഇപ്രകാരം നികുതി കണക്കാക്കിയ കെട്ടിടത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നികുതി നിലവിൽ വന്ന വർഷം | റിമാർക്സ് |
|---|---|---|---|---|
| 14/756 A | കുഞ്ഞമ്മദ്, പീടികയുള്ള പറമ്പത്ത്, കാവിലുംപാറ | $17.1m^2$ വാണിജ്യം | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 100 ചതുരശ്ര മീറ്റർ വരെതറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന തരത്തിൽ നികുതി നിർണ്ണയിച്ചു |
| 14/756 B | | $17.1m^2$ വാണിജ്യം | -ടി- | |
| 14/756 C | | $17.1m^2$ വാണിജ്യം | -ടി- | |

| | | | | |
|---|---|---|---|---|
| | | | | |
| 14/756 D | | 12.6m$^2$ വാണിജ്യം | 2017 ഒന്നാം അർദ്ധ വർഷം മുതൽ | |
| 14/756 E | | 12.6m$^2$ വാണിജ്യം | 2017 രണ്ടാം അർദ്ധ വർഷം മുതൽ | |
| 14/756 F | | 13.15m$^2$ വാണിജ്യം | 2017 രണ്ടാം അർദ്ധ വർഷം മുതൽ | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന തരത്തിൽ നികുതി നിർണ്ണയിച്ച |
| 14/756 G | | 13.15m$^2$ വാണിജ്യം | 2017 രണ്ടാം അർദ്ധ വർഷം മുതൽ | |
| ആകെ വിസ്തീർണ്ണം | | 102.8 M$^2$ | | |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന നികുതി, ഈടാക്കേണ്ട കാലയളവു മുതൽ ഈടാക്കി അറിയിക്കേണ്ടതും, ഇത്തരത്തിൽ നികുതി മുൻവർഷങ്ങളിൽ നികുതി നിർണ്ണയിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ ആകെ എണ്ണം 183 ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം 384 റോഡുകൾ ഉണ്ട്.

| റോഡുകൾ എണ്ണം, തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 384 | 183 |
| വീതി അഞ്ച് മീറ്ററും അതിന് മുകളിലും | 106 | 88 |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 278 | 91 |
| വീതി ഒന്നര മീറ്ററിൽ കുറവ് | 0 | 4 |

ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ റോഡുകളും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സ്ഥാപനത്തിന്റെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ലിക്വിഡിറ്റിയുള്ള ബാധ്യതകൾ (3,49,75,482) ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ (3,14,11,114) കൂടുതലാണ്.

ഓഡിറ്റ് വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. | തുക |
| B2 | 8,418 | B12 | - |
| B4 | 88,79,837 | B14 | 25,617 |
| B5 | 2,16,05,424 | B15 | 71,53,449 |
| B7 | 14,04,960 | B17 | 2,01,73,328 |
| B9 | 30,76,843 | B18 | 40,58,720 |
| ആകെ | 3,49,75,482 | | 3,14,11,114 |

2021-22 ൽ ഡി. പി. സി അംഗീകരിച്ച ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ 39,83,725/- ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും, 14,65,971/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷത്തെ പദ്ധതികൾക്ക് മാത്രം വകയിരുത്തി ചെലവഴിച്ച തുകയാണ്. എന്നാൽ ഇത്രയും തുക വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ല. ലിക്വിഡിറ്റിയുള്ള ബാധ്യതകൾ ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായതിനാൽ സ്ഥാപനത്തിന്റെ ഫണ്ട് ബാലൻസ് നെഗറ്റീവിലാണ്. അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം, കുടിശ്ശിക നികുതി പിരിവ്, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽനികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി/ഫീസ് പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-14 ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും എൽ. സി. ഡി പ്രൊജക്റ്ററും വാങ്ങൽ - കമ്പ്യൂട്ടറുകൾ നാളിതു വരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0095/21-22 |
| പ്രോജക്ട് | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും എൽ.സി.ഡി പ്രൊജക്റ്ററും CPRCS വഴി വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ അവാർഡ് - 2,40,000 രൂപ |
| ചെലവഴിച്ച തുക | 2,30,262 രൂപ<br>1) ബിൽ നമ്പർ 278/2021-22 തീയതി 14.3.2022 – 2,02,464 രൂപ<br>2) ബിൽ നമ്പർ 302/2021-22 തീയതി 18.3.2022 – 27,798 രൂപ |

സർക്കാരിന്റെ CPRCS ഓൺലൈൻ റേറ്റ് കോൺട്രാക്ട് പോർട്ടൽ വഴി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് 4 കമ്പ്യൂട്ടറുകളും ഒരു എൽ.സി.ഡി പ്രൊജക്റ്ററും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ആയതിനായി 14.3.2022 ന് ബിൽ നമ്പർ 278/2021-22 പ്രകാരം 2,02,464 രൂപ കേരള സ്റ്റേറ്റ് ഐ. ടി. മിഷന് കൈമാറിയെങ്കിലും കമ്പ്യൂട്ടറുകൾ ഇതുവരെ ലഭിച്ചില്ല. (ബിൽ നമ്പർ 302/2021-22 തീയതി 18.3.2022 പ്രകാരം നൽകിയ 27,798 രൂപയുടെ എൽ. സി. ഡി പ്രൊജക്ടർ ലഭിച്ചിട്ടുണ്ട്). മേൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി നിർവഹണോദ്യോഗസ്ഥൻ തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. 14.3.2022 ന് ബിൽ നമ്പർ 278/2021-22 പ്രകാരം കേരള സ്റ്റേറ്റ് ഐ. ടി മിഷന് തുക കൈമാറി 10 മാസങ്ങൾ കഴിഞ്ഞു. ഈ സാഹചര്യത്തിൽ അടിയന്തിരമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 20.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുകയോ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ചെലവഴിച്ച 2,02,464

രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.3.2021 ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കാവിലുംപാറ ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ 2020-21 വർഷത്തെ വാർഷിക വരിസംഖ്യ ഇനത്തിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2020-21 വർഷത്തെ വരിസംഖ്യ | 22100093, 19.5.2021 | 208823, 19.5.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ ജനപ്രതിനിധികളാരും തന്നെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 23.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-16 പൂക്കാട് തോട് - ഉണ്ണ്യത്താംകണ്ടിമുക്ക് റോഡ് പ്രവർത്തിയിലെ അപാകതകൾ

പൂക്കാട് തോട് - ഉണ്ണ്യത്താംകണ്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ. ഇ |
| പ്രോജക്ട് നം. | 73/22 |
| അടങ്കൽ | 300000/- |
| ഫണ്ട് | M.G. (R) |
| ചെലവ് | 177719/- |

| | |
|---|---|
| ബിൽ നമ്പർ തി. | 6655/21.12.21 |

200 മീറ്റർ ദൂരം റോഡ് മെയിന്റനൻസിനാണ് പദ്ധതി നടപ്പാക്കിയത്. എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായി 21 മീറ്റർ പാച്ച് സോളിംഗ് ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എം. ബുക്ക് നമ്പർ 368 പേജ് നമ്പർ 2 ൽ ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. സോളിംഗ് നടത്തിയ റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്താത്തതുകൊണ്ടാണ് പാച്ച് സോളിംഗ് നടത്തേണ്ടി വരുന്നത്. ഇത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/21-22/ 25.1.23) മറുപടി നൽകിയിട്ടില്ല. സോളിംഗ് നടത്തിയ റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു

ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ മിക്കതും ചെറിയ എസ്റ്റിമേറ്റിൽ തയ്യാറാക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. പദ്ധതി വർഷം പൊതുമരാമത്ത് മേഖലയിൽ 66 പ്രവൃത്തികളാണ് നിർവ്വഹണം നടത്തിയത്. ഇതിൽ ഭൂരിപക്ഷവും റോഡ് വർക്കുകളാണ്. ചെറിയ ചെയിനേജിലാണ് ഇവ നിർമ്മിക്കുന്നത്. ചെറിയ തുകകളാണ് ഇതിനായി വകയിരുത്തുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികൾ മിക്കതും ടെണ്ടർ എടുക്കുന്നത് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ റോഡ് വർക്കുകൾ ചെയ്യാൻ കഴിയാത്ത സാധാരണ കരാറുകാരായിരിക്കും. ഇതിന്റെ ഫലമായി റോഡുകളുടെ പ്രവൃത്തിയിൽ ഗുണനിലവാരം കുറയുകയും അത് വഴി ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പ്രയാസമുള്ളതായി മാറുകയും ചെയ്യാറുണ്ട്. ഫണ്ടുകൾ ചെറിയ ചെയിനേജിലുള്ള പ്രവൃത്തികൾക്ക് വിഭജിക്കുന്നതിന് പകരം, ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇത്തരം റോഡുകൾ മുഴുവനായും ടാർ ചെയ്യുന്നതിന് സമഗ്രമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ മൂന്ന് മീറ്റർ വീതിയുള്ള റോഡ് പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ, റോഡ് പേവിംഗ് മാന്വൽ രീതിയിൽ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രൊവിഷൻ നൽകിയിരിക്കുന്നത്. ഈ രീതിയിൽ ടാർ ചെയ്യുമ്പോൾ റോഡിന്റെ ഉപരിതലം നിമ്നോന്നതമായിരിക്കും. അതുകൊണ്ട് തന്നെ ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പൊതുവേ ആയാസമേറിയതായിരിക്കും. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 206/22 | കാഞ്ഞിരാണ്ടിത്തറ ചീത്തപ്പാട് റോഡ് | 490000 |

ഇത്തരം റോഡുകളുടെ കാര്യത്തിൽ കൂടുതൽ തുക വകയിരുത്തി കൂടുതൽ ചെയിനേജിൽ, എസ്റ്റിമേറ്റിൽ ടാറിംഗിന് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ മിക്സ് സീൽ സർഫേസിങ്ങി(MSS)ന് പ്രൊവിഷൻ നൽകിയിരുന്നെങ്കിൽ, ഈ റോഡിന്റെ നിർമ്മിതിയുടെ ഗുണനിലവാരം വർധിക്കുകയും അതുവഴി പഞ്ചായത്തിലെ ജനങ്ങൾക്ക് സുഗമമായ യാത്രയ്ക്കുള്ള റോഡ് സൗകര്യം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇതിനുള്ള ശ്രമങ്ങൾ നടന്നതായി കാണുന്നില്ല. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് കൂടുതൽ കാലം ഈട് നിൽക്കുന്ന തരത്തിലുള്ള റോഡുകളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ട് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ഭാവിയിൽ റോഡുകളുടെ നിർമ്മിതിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ചർച്ചകൾ

ഉയർന്നു വരേണ്ടത് ആവശ്യമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/22.25.01.23) മറുപടി നൽകിയിട്ടില്ല. മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 കരാർ വെക്കാതെ കെ.എസ്ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തു. - തെരുവു വിളക്കിന് ലൈൻ സ്ഥാപിക്കൽ - പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

പ്രോജക്ട് - തെരുവു വിളക്കിന് ലൈൻ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - എസ് 0096/21-22

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 4,00,000/- രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 3,99,902/- രൂപ – ബിൽ നമ്പർ 381/21-22 തീയതി 30.3.2022

കാവിലുംപാറ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് ലൈനിനായി ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ഇതു പ്രകാരം 30.3.2022 ന് 3,99,902/- രൂപ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) 11/2018/ ത.സ്വ.ഭ.വ. തീയതി 29.1.2018) ഖണ്ഡിക 11.2 (ഡി) (ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാൻ പാടുള്ളൂ. എന്നാൽ ഈ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി യുമായി എഗ്രിമെന്റ് വെക്കാതെ തുക മുൻകൂർ ആയി നൽകുകയായിരുന്നു. കെ. എസ്. ഇ. ബി. തുക കൈപ്പറ്റി 10 മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 23.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 കെൽട്രോണിൽ തുക അടച്ചു - കമ്പ്യൂട്ടറും യു.പി.എസും കൃഷി ഓഫീസിൽ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും യുപിഎസ്സും വാങ്ങൽ |
| പ്രോജക്ട് നം. | 43/22 |
| അടങ്കൽ | 63102/- (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 63102/- |
| ബിൽ നം./തി | 236/24.2.2022 |

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |

കൃഷി ഓഫീസിലേക്ക് ഒന്ന വീതം കമ്പ്യൂട്ടറും യുപിഎസും, CPRCS വഴി വാങ്ങുന്നതിനായാണ് പദ്ധതി നടപ്പാക്കിയത്. കെൽട്രോൺ സമർപ്പിച്ച 17.02.2022 ലെ TVM/ITBG/P1/RC/35149/20-21 നമ്പറിലുള്ള പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഒന്നിന് 39797/- രൂപയും യുപിഎസ്-ന് 23305/- രൂപയും ഉൾപ്പെടെ ആകെ 63102/- രൂപ കെൽട്രോണിന് അഡ്വാൻസായി മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ടെങ്കിലും ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടറും യുപിഎസും നിലവിലും ലഭിച്ചിട്ടില്ല. കമ്പ്യൂട്ടറും യുപിഎസും ലഭ്യമാക്കി തുക തിരികെ ഈടാക്കുകയോ അല്ലെങ്കിൽ അറിയിക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക 63102/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം പണിക്ക് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 133/22 |
| അടങ്കൽ | 1800000 |
| ഫണ്ട് | കേന്ദ്രാവിഷ്കൃതം |
| ചെലവ് | 1628331/- |
| ബിൽ നമ്പർ തീയതി | 98/21/243.22 |

ബസ് സ്റ്റാന്റിൽ നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ പൊതു ശൗചാലയം നിലവിലുണ്ട്. ഇതിന് പുറമേയാണ് ടേക്ക് എ ബ്രേക്കിൽ ഉൾപ്പെടുത്തി പുതിയ ടോയ്‌ലറ്റ് സമുച്ചയം പണിതത്. ഇതിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും കെട്ടിടം നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല. കെട്ടിടം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/22/25.1.23) മറുപടി നൽകിയിട്ടില്ല. ശുചിത്വ സമുച്ചയം പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ

കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ഹരിത കർമ്മസേനക്ക് യൂണിഫോം, ഉപകരണങ്ങൾ എന്നിവ വാങ്ങൽ | വി. ഇ. ഒ | 4,90,000 | 3,96,374 |
| 2 | റിജക്ടഡ് വെയ്സ്റ്റ് നീക്കം ചെയ്യൽ | വി. ഇ. ഒ | 4,90,000 | 4,90,000 |
| 3 | റിജക്ടഡ് വെയ്സ്റ്റ് നീക്കം ചെയ്യൽ - 2 | വി. ഇ. ഒ | 19,39,636 | 10,02,820 |
| 4 | ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ | വി. ഇ. ഒ | 2,80,284 | 2,10,213 |
| 5 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | വി. ഇ. ഒ | 4,80,000 | 4,78,800 |

| | | | | |
|---|---|---|---|---|
| 6 | എം. സി. എഫിലേക്ക് മാലിന്യങ്ങൾ എത്തിക്കുന്നതിനുള്ള വാഹന വാടക | വി. ഇ. ഒ | 2,00,000 | 95,472 |
| 7 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | വി. ഇ. ഒ | 2,04,900 | 1,42,900 |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാർ വെച്ചില്ല .

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി നാച്വർ ഗാർഡ് എന്ന സ്ഥാപനത്തെ ഭരണസമിതി ടെണ്ടർ വഴി തെരഞ്ഞെടുക്കുകയും ഈ സ്ഥാപനവുമായി കരാർ വെക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. (26.4.2021 ലെ 1ാം നമ്പർ തീരുമാനം). എന്നാൽ ഈ സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല. റിജക്ടഡ് വേസ്റ്റ് കിലോഗ്രാമിന് 7/- രൂപ നിരക്കിൽ കൊണ്ടുപോകാം എന്നാണ് നാച്വർ ഗാർഡ് എന്ന സ്ഥാപനം ഭരണസമിതിയെ അറിയിച്ചത്.

2) ഗ്രാമ പഞ്ചായത്തിൽ നിന്നും കൊണ്ടുപോയ അജൈവ മാലിന്യങ്ങൾ സംസ്കരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല .

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഭരണസമിതി തെരഞ്ഞെടുത്ത നാച്വർ ഗാർഡ് എന്ന സ്ഥാപനം ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ തീയതികളിൽ വാഹനങ്ങളിൽ കയറ്റി കൊണ്ടു പോയ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | തൂക്കം ( കി. ഗ്രാം ) |
|---|---|---|
| 1 | 25.10.2021 മുതൽ 17.12.2021 വരെ | 62,100 |
| 2 | 17.7.2021 മുതൽ 20.10.2021വരെ | 63,790 |
| 3 | 20.5.2021 മുതൽ 15.7.2021 വരെ | 74,450 |
| 4 | 15.3.2022 മുതൽ 17.3.2022 വരെ | 12,920 |
| | ആകെ | 2,13,260 |

മേൽ പ്രകാരം ആകെ 2,13,260 കിലോഗ്രാം മാലിന്യങ്ങൾ കൊണ്ടു പോയതിന് കിലോഗ്രാമിന് 7/- രൂപ നിരക്കിൽ ആകെ 14,92,820/- രൂപ നാച്വർ ഗാർഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം 16 വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ നാച്വർ ഗാർഡ് എന്ന സ്ഥാപനം സംസ്കരിച്ചത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഈ സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. ഈ സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയച്ച അളവ് മാലിന്യങ്ങൾ

ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

3) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല

ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 2,04,900/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തിയതിൽ 1,42,900/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. 2022-23 ലെ തുടർ പ്രോജക്ടുകൾ പ്രകാരം ഈ പദ്ധതിക്കായി ഒരു ലാപ്ടോപ്പ് വാങ്ങുകയും ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ Q R കോഡ് പതിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നിലവിലും പൂർത്തിയായിട്ടില്ല.

4) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 2018 വർഷം 32 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 21 പേരാണ് ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. 2021-22 വർഷം മുതലാണ് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കൽ ഹരിത കർമ്മസേന ആരംഭിച്ചത്. പ്രാരംഭ ഘട്ടമായതിനാൽ 2021-22 വർഷം ഹരിത കർമ്മസേനക്ക് വളരെ കുറഞ്ഞ കളക്ഷൻ മാത്രമാണ് ലഭിച്ചത്. ആയതിനെ തുടർന്ന് വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 4,78,800 രൂപ ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ ഫലപ്രദമായി നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഹരിതകർമ്മ സേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമ മല്ലാത്തത്, മാലിന്യം നീക്കം ചെയ്യുന്നതിലെ പോരായ്മകൾ, മറ്റ് അപാകതകൾ എന്നിവക്ക് രേഖകൾ സഹിതം വിശദമായ

മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 23.1.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-22 ഉത്തരവാദപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ പുഴയിൽ നിന്ന് മണലും ചെളിയും നീക്കം ചെയ്തു.

ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന തൊട്ടിൽപ്പാലം പുഴയുടെ വിവിധ ഭാഗങ്ങളിൽ മണ്ണും ചെളിയും മാലിന്യങ്ങളും നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടതിനെ തുടർന്ന് പുഴയിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുഴയിലെ ചെളിയും മണലും നീക്കം ചെയ്യൽ തെക്കേലകേകണ്ടി ഭാഗം പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 149/22 |
| അടങ്കൽ | 490000 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 489575/- |
| ബിൽ നം. തി. | 944/23.3.22 |

ഈ പദ്ധതിയിൽ 261 മീറ്റർ നീളത്തിലും 25 മീറ്റർ വീതിയിലും 40 സെന്റീ മീറ്റർ കനത്തിലും മണ്ണും ചെളിയും നീക്കം ചെയ്തിട്ടുണ്ട്. 2609 എം. ക്യൂബ് മണ്ണ് നീക്കം ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ബുക്ക് നം. 322, പേജ് 2)

2) പുഴയിലെ ചെളിയും മണലും നീക്കം ചെയ്യൽ തൊട്ടിൽപ്പാലം ഭാഗം പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 150/22 |
| അടങ്കൽ | 490000 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 489612/- |
| ബിൽ നം. തി. | 925/23.3.22 |

തൊട്ടിൽപ്പാലം ടൗണിന് സമീപത്തെ പുഴയിൽ നിന്നും 355 മീറ്റർ നീളത്തിലും 21 മീറ്റർ വീതിയിലും 30 സെന്റീമീറ്റർ കനത്തിലും മണ്ണും ചെളിയും നീക്കം ചെയ്തിട്ടുണ്ട്. 2609 എം. ക്യൂബ് മണ്ണ് നീക്കം ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ബുക്ക് നം. 339, പേജ് 1)

3. പൂക്കാട് തോട് ചെളി നീക്കം ചെയ്യൽ

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 151/22 |
| അടങ്കൽ | 200000 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 198254/- |
| ബിൽ നം. തി. | 98/18.3.22 |

പൂക്കാട് തോട്ടിൽ നിന്നും 443 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും 40 സെന്റീ മീറ്റർ കനത്തിലും മണ്ണും ചെളിയും നീക്കം ചെയ്തിട്ടുണ്ട്. 1063 എം. ക്യൂബ് മണ്ണ് നീക്കം ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(ബുക്ക് നം. 373, പേജ് 2)

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പുഴകളിൽ നിന്നും മണ്ണെടുക്കുന്നതിന് നിയന്ത്രണമുണ്ടായിരിക്കെ ക്ഷമതയുള്ള അധികാരികളുടെ നിർദ്ദേശമില്ലാതെ ഈ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ സാഹചര്യം വ്യക്തമല്ല. പ്രവൃത്തി വിഭാവനം ചെയ്യുന്നതിനു മുമ്പായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ മണ്ണിന്റെ അളവും, മണ്ണിന്റെ തരവും പരിശോധിച്ച് അവർ നിർദ്ദേശിക്കുന്ന അളവിൽ മണ്ണ് നീക്കം ചെയ്യാതെ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2) 2021-22 ലെ അന്തിമ പദ്ധതി രേഖയിൽ ഇത്തരമൊരു പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. ആദ്യ പദ്ധതി അംഗീകാരത്തിനു ശേഷം ഈ പദ്ധതി രൂപീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. 02.02.2021 ന് ചേർന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തൊട്ടിൽപ്പാലം പുഴയുടെ ആഴം കൂട്ടുന്നതിനുള്ള നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ കരട് പദ്ധതിയിലോ, അന്തിമ പദ്ധതിയിലോ ഇതിനുള്ള പ്രപ്പോസൽ ഉണ്ടായിട്ടില്ല.

3) 22.03.22 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 6/22/AE നമ്പർ കത്ത് പ്രകാരം മേൽ പദ്ധതികളിൽ നിന്ന് ലഭിച്ച മണ്ണ് ലേലം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാൽ ഈ മണ്ണ് ലേലം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആവശ്യമായ പഠനം നടത്താതെയും അനുമതിയില്ലാതെയും പുഴയിലെ മണ്ണ് നീക്കം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/22/25.1.23) മറുപടി നൽകിയിട്ടില്ല. പദ്ധതി നടപ്പാക്കിയതിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതും, നീക്കം ചെയ്ത മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതുമാണ്. അതു വരെ ഈയിനത്തിലെ ചെലവു തുക 11,77,441/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-23 അസിസ്റ്റന്റ് സെക്രട്ടറി - പദ്ധതി നിർവഹണം - രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

I) പട്ടികവർഗ്ഗ വിഭാഗത്തിന് വിവാഹ ധനസഹായം

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ : 20/21-22

ഫണ്ട് : വികസന ഫണ്ട് (ടി.എസ്.പി)

അടങ്കൽ : 3,00,000/-

ചെലവ് : 2,54,500 (2021-22) + 45,500 (2022-23) = 3,00,000/-

| ബിൽ നമ്പർ | തീയതി | തുക | വിവാഹ ധനസഹായം ലഭിച്ച ആളുടെ പേര് |
|---|---|---|---|
| 71 / 21-22 | 07.10.2021 | 1,00,000 | മിനി, വളയംങ്കോട്ടുമ്മൽ, പട്ട്യാട് |
| 247/ 21-22 | 02.03.2022 | 1,00,000 | ദേവി, ചാത്തൻകോട്ടുനട, കാവിലുംപാറ |
| 316/ 21-22 | 23.03.2022 | 54,500 | രാജൻ. എൻ. പി, പൊയിലിൽ കോളനി, ചാത്തൻകോട്ടുനട |
| 6/22-23 | 30.05.2022 | 45,500 | |
| ആകെ | | 3,00,000 | |

സ.ഉ (കൈ) നം. 22/2018 ത.സ്വ.ഭ.വ, തീ-14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവാഹ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശ ഭരണ സ്ഥാപനത്തിൽ വീണ്ടും അപേക്ഷ നൽകാൻ പാടില്ല. തദ്ദേശ ഭരണ സ്ഥാപനത്തിൽ അപേക്ഷിച്ചവർ വിവാഹ ധനസഹായത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ അപേക്ഷ നൽകാനും പാടില്ല.

മേൽ പദ്ധതി പ്രകാരം തുക നൽകിയ മൂന്ന് പേർക്കും പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും വിവാഹ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് വിവാഹധന സഹായം ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചിരിക്കുന്നത്.

II) <u>പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്</u>

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 84/21-22

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 66,294 | 66,294 |
| തനത് ഫണ്ട് | 2,706 | 1,942 |

| | | |
|---|---|---|
| ഗുണഭോക്തൃ വിഹിതം | 23,000 | 22,764 |
| ആകെ | 92,000 | 91,000 |

കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വെള്ളം ശേഖരിച്ചു വെയ്ക്കുന്നതിനായി പി.വി.സി വാട്ടർ ടാങ്ക് നൽകുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. വാട്ടർ ടാങ്കിന്റെ വിലയുടെ 75% സബ്സിഡിയും 25% ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം 28 കുടുംബങ്ങൾക്കാണ് പി.വി.സി വാട്ടർ ടാങ്ക് നൽകിയിരിക്കുന്നത്. ഫയൽ പരിശോധനയിൽ താഴെപറയുന്ന 4 ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു.

| ഗുണഭോക്തൃ പട്ടിക ക്രമ നമ്പർ | പേര്, വിലാസം |
|---|---|
| 2 | മാതു. കെ. പി, ചാത്തങ്കോട്ടുനട, കാവിലുംപാറ |
| 5 | ശാന്തമ്മ, തേക്കുംകാട്ടിൽ, പൂതംപാറ, കാവിലുംപാറ |
| 24 | ലീല, പാമ്പിനിയിൽ, തോട്ടക്കാട്, മൊയിലോത്തറ |
| 31 | രാധ, പുളിയങ്കോട്ട്, മൊയിലോത്തറ, കാവിലുംപാറ |

മേൽ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനായി നിശ്ചിത മാതൃകയിൽ തഹസിൽദാർ ഇഷ്യു ചെയ്ത ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് പി.വി.സി വാട്ടർ ടാങ്ക് നൽകിയിരിക്കുന്നത്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 23/21-22, തീ-25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 എസ്.എസ്.കെ പദ്ധതി വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തു വിഹിതം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 18/22 |
| അടങ്കൽ | 200000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 200000/- |
| ബിൽ നം. തി. | 622/22/6.1.22 |

സ.ഉ (കൈ) നം. 11/2018/തസ്വഭവ തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം മുഖ്യ പങ്ക്

വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 2,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-25 ഗവ.സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

ഗവ.സ്കൂളുകളിൽ പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ, പ്ലേറ്റുകൾ, പ്രിന്റർ, മൈക്ക് സെറ്റ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 37/22 |
| അടങ്കൽ | 200000 |
| ഫണ്ട് | M.G (NR) |
| ചെലവ് | 1628331/- |
| ബിൽ നം. തി. | 98/21/243.22 |

ഇതിൽ മൈക്ക് സെറ്റ് വാങ്ങിയത് ലാൽസൺ ഇലക്ട്രോണിക്സ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേനയാണ്. പാത്രങ്ങൾ വാങ്ങിയത് യൂസഫ് മലബാർ ട്രേഡിംഗ്, വടകര എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേനയാണ്. ലേസർ പ്രിന്റർ വാങ്ങിയത് കമ്പ്യൂട്ടേഷൻ ബിസിനസ് സൊല്യൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഐ.ടി ഉപകരണങ്ങൾ CPRCS മുഖേന കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല. മാത്രമല്ല GEM പോർട്ടൽ വഴി വാങ്ങുന്നതിനുള്ള സൗകര്യവും പ്രയോജനപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഇതു പാലിക്കാതെ ടെണ്ടർ ഒഴിവാക്കുന്നതിനായി സാധനങ്ങൾ വ്യത്യസ്തമായ ക്വട്ടേഷനുകൾ ക്ഷണിച്ച് വാങ്ങിയത് ശരിയായ നടപടിയല്ല. ഇതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ തീരുമാനമെടുത്തതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22/25.01.23) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വാങ്ങലുകളുടെ കാര്യത്തിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-26 തുല്യതാ പരീക്ഷയ്ക്ക് ഫീസ് അടച്ചെങ്കിലും കോഴ്സ് നടന്നില്ല

വിവിധ തുല്യതാ പരീക്ഷകൾ എഴുതുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് അടയ്ക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 39/22 |
| അടങ്കൽ | 135000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 135000/- |
| ബിൽ നം. തി. | 70/22/17.2.22 |

പത്താം തരം, പ്ലസ് വൺ, ഗുഡ് ഇംഗ്ലീഷ് എന്നീ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. പത്താം തരത്തിലെ 40 ഗുണഭോക്താക്കൾക്ക് 1750 രൂപ വീതവും, പ്ലസ് വൺ കോഴ്സിന് പഠിക്കുന്ന 5 പേർക്ക് 2200 രൂപ വീതവും, ഗുഡ് ഇംഗ്ലീഷ് കോഴ്സിന് പഠിക്കുന്ന 27 പേർക്ക് 2000 രൂപ വീതവുമാണ് അടച്ചിട്ടുള്ളത്. ഇതിൽ ഗുഡ് ഇംഗ്ലീഷ് കോഴ്സിന് ക്ലാസ് ഇതുവരെ നടന്നിട്ടില്ല. മറ്റു കോഴ്സുകളിലെ പഠിതാക്കൾ പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/22/25.1.23) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 1,35,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| പ്രോജക്ട് നം. | 143/22 |
| അടങ്കൽ | 40000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) |
| ചെലവ് | 39,797/- രൂപ |
| ബിൽ നം./തി | 221/19.2.2022 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മൃഗാശുപത്രിയിലേക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. CPRCS മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന് നൽകിയ ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടർ നാളിതുവരെയായി ലഭിച്ചിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക 39,797/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം. 11/2018/തസ്വഭവ. തി. 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ താഴെ പറയുന്ന പദ്ധതികൾ വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | വാഴകൃഷി | 150000 |
| 2 | പച്ചക്കറി തൈ വിതരണം | 150000 |
| 3 | പശു ഗ്രാമം | 3000000 |
| 4 | പാലിന് സബ്സിഡി | 200000 |

മേൽ സൂചിപ്പിച്ച പദ്ധതികൾ ജനറൽ പദ്ധതികളായി നടപ്പാക്കാവുന്നവയാണ്. മാർഗ്ഗരേഖ ഖ 6-3 (lii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/21-22/25.1.23) മറുപടി നൽകിയിട്ടില്ല. വനിതകളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് അറിയിക്കേണ്ടതാണ്.

1-29 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : പാലിയേറ്റീവ് പരിചരണ പദ്ധതി 2021-22

പ്രോജക്ട് നമ്പർ : 50/2021-22

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ട് : 1. വികസന ഫണ്ട് – ജനറൽ (വകയിരുത്തിയ തുക - 3,15,000 :
ചെലവ് - 3,15,000 )

2. ബ്ലോക്ക് പഞ്ചായത്ത് വിഹിതം (വകയിരുത്തിയ തുക – 2,00,000 :
ചെലവ് – 1,09,287)

ആകെ ചെലവ് - 4,24,287

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ 4,24,287/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ (ജനറൽ) നിന്ന് തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 35/21-22 | 24.08.2021 | 1,52,800 | വികസന ഫണ്ട് (ജനറൽ) |
| 2 | 73/21-22 | 12.10.2021 | 1,01,240 | |
| 3 | 243/21-22 | 25.02.2022 | 60,030 | |
| 4 | 255/21-22 | 07.03.2021 | 930 | |
| ആകെ | | | 3,15,000 | |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ

ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ – പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനുട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2021-22 വർഷത്തിൽ 18.01.2022 തീയതിയിൽ മാത്രമാണ് യോഗം ചേർന്നത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 20.01.2023, 21.01.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,09,287 | പാലിയേറ്റീവ് പരിചരണ പദ്ധതി | 1,09,287 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,91,600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,91,600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,69,362 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 3,69,362 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 67,266 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (SO) | 67,266 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,60,798 | കാലിത്തീറ്റ സബ്സിഡി | 1,60,798 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 7,50,000 | പശുഗ്രാമം (വനിത) | 7,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 8,29,900 | ലൈഫ് ഭവന പദ്ധതി | 8,29,900 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പട്ടികവർഗ്ഗം) | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 10,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 10,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,97,800 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,97,800 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 2,00,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 96/22 | 3,99,902 | 3,99,902 | - |
| കെ.എസ്.ഇ.ബി | വഴിയോര വിശ്രമകേന്ദ്രം ലൈൻ മാറ്റി സ്ഥാപിക്കൽ | 175/22- | 33,474 | 33,474 | - |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | സ.ഉ (സാധാ) നം. 6105/2019/ ധന/തി.1.08.2019 | 0 | 23614758 | 2009334 | | 21605424 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11.12.1 (78,79)7 | വസ്ത്രനിർമ്മാണം-വനിതകൾക്ക് തൊഴിൽ പരിശീലനം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2 ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11.12.2 (79) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പറ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2 ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11.1.3.19 | നികുതി കുടിശ്ശിക | - |
| 2001-02 | 3-2 | 2005-06 | 2.70.1.5.5 | നിക്ഷേപ വേലകൾ | നിലനിൽക്കുന്നു |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.6.5 | ബജറ്റ് | നിലനിൽക്കുന്നു |
| 2001-02 | | 2005-06 | 2.70.1.14.22 | നികുതി പിരിവിൽ അലംഭാവം | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 2-4 | 2006-07 | 3.79.1.9.100 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണ പ്പെട്ടത് | നിലനിൽക്കുന്നു |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | നിലനിൽക്കുന്നു |
| 2002-03 | 3-7 | 2006-07 | 3.79.18.15.117 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | നിലനിൽക്കുന്നു |
| 2003-04 | 3-5 | 2006-07 | 3.79.1 | കുണ്ടുതോട് ഏലക്കണ്ടി-കുരുടൻ കടവ് കുടിവെള്ള പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പ്രവൃത്തി പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു | നിലനിൽക്കുന്നു |
| 2003-04 | 3-4(2) | 2006-07 | 3.79.18.9.116 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം- പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997 -98 | 30(1, 2,3), 29,31 (1,2) | ശ്രീമതി. രേണുക, സെക്രട്ടറി, ശ്രീ. എൻ. പൊന്നപ്പൻ ആചാരി | LF 22266 /Spl Cell/ SC 402000 / Dtd: 10.09.02 | 31371 | 20985/- (Rt No- 20204/ 76 / 30.08. 2007) | | | | | | |
| 2 | 1999- 2000 | 31,32, 33(1,2) 4-2, 4-5, 4-7 | ശ്രീ. പത്മനാഭൻ, എൽ.ഡി.സി | LF 2291 /Spl Cell/ SC5(a) /005 / Dtd:25. 09.2006 | 38790 | 9290/- (Rt No-1170 30100867 Dtd:03. 07.17). 15000/- (113034 00030d Dtd:21.02 .14) | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 2003-04 | 3-3 | ശ്രീ. എ. എം. മാധവൻ | LF 13836/ Spl Cell/ SC5(a)/ 007/ Dtd:29. 06..2009 | 3942 | 3942/- ( Rt No-54 775/40 /31.12. 20009) | | | | | | |
| 4 | 1996-97 | 25,26 | ശ്രീ. സി. സുധി, സെക്രട്ടറി | LF 1241/spl Cell/ SC4/ 2000/ Dtd:29. 11.2001 | 1886 | | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,11,87,282 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,79,95,063 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,17,804 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,02,464 | ശ്രീ. ജെ. ഡി. ബാബു, സെക്രട്ടറി |

| | | |
|---|---|---|
| 1-19 | 63,102 | ശ്രീമതി. അർച്ചന കെ. പി, കൃഷി ഓഫീസർ |
| 1-22 | 11,77,441 | ശ്രീ. ഹജിപ്രസാദ് ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 2,00,000 | ശ്രീ. സതീശൻ സി, ഹെഡ് മാസ്റ്റർ |
| 1-26 | 1,35,000 | ശ്രീ. സതീശൻ സി , ഹെഡ് മാസ്റ്റർ |
| 1-27 | 39,797 | ഡോ. എസ്. കാർത്തികേയൻ, വെറ്ററിനറി സർജൻ |
| ആകെ | 18,17,804 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജെ. ഡി. ബാബു, സെക്രട്ടറി | സെക്രട്ടറി, കാവിലുംപാറ ഗ്രാമപഞ്ചായത്ത് | തറപുറത്ത്, വടയം (പി. ഒ) കുറ്റ്യാടി, കോഴിക്കോട് |
| ശ്രീ. ഹജിപ്രസാദ് ബി, | അസിസ്റ്റന്റ് എഞ്ചിനീയർ, | കൊന്നംതറയിൽ, അടിനാട് നോർത്ത് |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കാവിലുംപാറ ഗ്രാമപഞ്ചായത്ത് | (പി. ഒ), കുലശേഖരം, കൊല്ലം |
| ശ്രീമതി. അർച്ചന കെ. പി , കൃഷി ഓഫീസർ | കൃഷി ഓഫീസർ, വാണിമേൽ ഗ്രാമപഞ്ചായത്ത് | കരിപ്പാടത്ത്, കാര്യംപാടി (പി. ഒ), ചോമാടി, വയനാട് |
| ശ്രീ. സതീശൻ സി , ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ഗവ. യു. പി. സ്കൂൾ, കുണ്ടുതോട് | ചെട്ട്യാംകണ്ടി ഹൗസ്, കുണ്ടുതോട്, കോഴിക്കോട് |
| ഡോ. എസ്. കാർത്തികേയൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കാവിലുംപാറ ഗ്രാമപഞ്ചായത്ത്, | 25, ധനസുധ നഗർ, കോവൈ റോഡ്, പൊള്ളാച്ചി, തമിഴ്നാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1246/22 , തീ-29.08.2022 | 8 | 42,47,51 |
| 2001-02 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 3 | 3-2,3-4, ഭാഗം 1 ബജറ്റ് |
| 2001-02 (ചെലവ്) | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 11 | - |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(1) , തീ-16.08.2022 | 3 | 2-4,3-4,3-7 |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി6/ 1120(2)/2009തീ.20/05/2010 | 5 | 3-1,3-3,3-2,3-4,3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി6/ 111/22 , തീ-04.04.2022 | 1 | 3-13 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(3) , തീ-16.08.2022 | 1 | 2-1(11) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി6/ 113/22 , തീ-04.04.2022 | 2 | 3-3,3-7 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(4) , തീ-16.08.2022 | 1 | 3-8(4,5,6) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(5) , തീ-16.08.2022 | 1 | 3-11(2) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(6) , തീ-16.08.2022 | 10 | 2-8,3-3(1),3-3(2), 3-3(3),3-4(A), 3-8,3-9,3-11,3-12, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി6/ 341/2020 , തീ-14.05.2020 | 15 | 1-4,1-5,1-6,1-7,1-8,1-9, 1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1661/2021 , തീ-03.12.2021 | 20 | 1-1-,1-2,1-3,1-4,1-5,1-6, 1-7,1-8,1-9,1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1662/2021, തീ-03.12.2021 | 31 | 1-1-,1-2,1-3,1-4,1-5, 1-6,1-7,1-8,1-9,1-10, 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19, 1-20,1-21,1-22,1-23, 1-24,1-25,1-26,1-27, 1-28,1-29,1-30,1-31 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്